## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3759 21.06.2019-ൽ മറുപടിയ്ക്ക്

**അമിത പലിശ ഈടാക്കുന്നത് തടയുന്നതിന് പുതിയ നിയമനിർമ്മാണം**

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കേരള മണി ലെന്റേഴ്സ് നിയമ പ്രകാരം പണം കടം കൊടുക്കൽ ബിസിനസ് നടത്തുന്നവർ അമിത പലിശ ഈടാക്കുന്നതും ബ്ലേഡ് മാഫിയ സംസ്ഥാനത്ത് വീണ്ടും പിടിമുറുക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള മണി ലെന്റേഴ്സ് നിയമം, 1958 പ്രകാരം ലൈസൻസ് എടുത്ത് ബിസിനസ്സ് നടത്തുന്നവരെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടില്ല. അനധികൃത പണമിടപാടുകാരെക്കുറിച്ചുള്ള പരാതികൾ തുടർ നടപടികൾക്കായി ബന്ധപ്പെട്ട ഇൻസ്പെക്ടിങ് അസിസ്റ്റന്റ് കമ്മീഷണർമാർക്കും പോലീസ് അധികാരികൾക്കും കൈമാറാറുണ്ട്. |
| (ബി) | എങ്കിൽ ഇവർക്ക് മാസം/ഒരു വർഷം പരമാവധി എത്ര ശതമാനം പലിശ ഈടാക്കാനാണ് അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | കേരള മണി ലെന്റേഴ്സ് നിയമം, 1958 വകുപ്പ് 7 അനുസരിച്ച് വാണിജ്യ ബാങ്കുകൾ ഈടാക്കുന്ന പരമാവധി പലിശ നിരക്കിൽ നിന്നും 2% വരെ കൂടുതലായി വാങ്ങാവുന്നതാണ്. |
| (സി) | ഇതിൽ കൂടുതൽ പലിശ ഈടാക്കിയതിന്റെ പേരിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിരുന്നോ; എങ്കിൽ ആയതിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | നിയമ പ്രകാരമുള്ള ലൈസൻസ് ഉള്ള മണി ലെന്റേഴ്സിനേക്കുറിച്ച് പരാതികൾ ലഭിച്ചിട്ടില്ല. |
| (ഡി) | അമിത പലിശ ഈടാക്കുന്നത് തടയുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമല്ലെങ്കിൽ ആയതിലേക്ക് പുതിയ നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | അമിത പലിശ ഈടാക്കുന്നത് തടയുന്നതിന് കേരള പലിശ ഈടാക്കൽ നിരോധന നിയമം 2012 നിലവിലുണ്ട്. ഇക്കാര്യത്തിൽ പുതിയ നിയമ നിർമ്മാണം നടത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ